DESPATCHED
On..10/06/2020

13/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1241(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 7222/എസ്.ഐ.സി-ജി6/14)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**Muhammed Rafi C.,**
**Cholayil House, Unnamthala,**
**Padinchattummari P.O.,**
**Malappuram – 676 506** } **Appellant**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
കൃഷി (കെ.എഫ്.എ.) വകുപ്പ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി സെക്രട്ടറി,
കൃഷി (കെ.എഫ്.എ.) വകുപ്പ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.01.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.05.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.05.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.05.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ മുഹമ്മദ് റാഫി സി., 10.05.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 15.05.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1241(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 11 വിവരങ്ങൾ ആവശ്യപ്പെട്ടതിൽ 6 ഇനങ്ങൾക്ക് 3 മാസം കഴിഞ്ഞിട്ടും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.01.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരഫെഡ് ഏത് വകുപ്പിന് കീഴിലാണെന്നും ഏത് നിയമത്തിന് അനുസരണമായാണ് പ്രവർത്തിക്കുന്നതെന്നും കേരഫെഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ലാതെ കരാർ/ദിവസവേതനത്തിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ ഗവർമെന്റിന് നിയമപരമായി അധികാരമുണ്ടോയെന്നും ഇങ്ങനെയുള്ള നിയമനങ്ങൾക്ക് പി.എസ്.സി./ആർ.സി.എസ്./ഫിനാൻസ് എന്നീ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ടോയെന്നും ആയതിന്റെ വിശദാംശങ്ങൾ നൽകണമെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 08.01.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിന് കേരഫെഡ് സഹകരണ നിയമം അനുസരിച്ച് കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുവെന്നും കേരഫെഡിൽ സ്ഥാപനത്തിൽ കരാർ, ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടി ഗവൺമെന്റിലേയ്ക്ക് പ്രൊപ്പോസലുകൾ അയച്ചിട്ടുണ്ടെന്നും ആയതിന്റെ 6 പേജുകളുടെ പകർപ്പുകൾ ലഭ്യമാക്കുവാൻ 12/- രൂപ ഒടുക്കി ചെലാൻ ഹാജരാക്കണമെന്നും 7-ാം ഇനത്തിന് സ്റ്റാഫ് പാറ്റേൺ, ഫീഡർ കാറ്റഗറി റൂൾ അംഗീകരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണെന്നും ക്രമ നമ്പർ 8ന് കേരഫെഡിൽ നടന്നിട്ടുള്ളതായി ആരോപിക്കപ്പെട്ട അഴിമതികളുടെയും മറ്റ് സാമ്പത്തിക ക്രമക്കേടുകളെയും സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സംബന്ധിച്ച് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ മറുപടി നൽകാമെന്നും കേരഫെഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയത് അടിയന്തിരമായി ലഭ്യമാക്കുവാൻ കേരഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിലെ 2, 4, 5, 6, 9, 10, 11 എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായിട്ടുള്ള പക്ഷം ടിയാന് നേരിട്ട് നൽകുന്നതിനായി വിവരാവകാശ നിയമം അനുശാ

സിക്കുന്ന പ്രകാരം നടപടി സ്വീകരിക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് കേരഫെഡ് കൃഷി (പി.യു.) വകുപ്പിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയിട്ടുണ്ടെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 12.05.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2, 4, 5, 6, 9,10 പിരിവുകൾ സംബന്ധിച്ച് ടിയാന് നേരിട്ട് മറുപടി നൽകുന്നതിനായി കേരഫെഡിലെ എസ്.പി.ഐ.ഒ.യ്ക്ക് ടിയാന്റെ അപേക്ഷയുടെ പകർപ്പ് അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്തുത പിരിവുകൾ സംബന്ധിച്ച് മറുപടിയ്ക്കായി കേരഫെഡിലെ അപ്പീൽ അധികാരിയെ സമീപിക്കണമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 26.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 3, 7, 8 എന്നി ഇനങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെന്നും 2, 4, 5, 6, 9, 10 എന്നീ ഇനങ്ങൾക്ക് കേരഫെഡിലെ എസ്.പി.ഐ.ഒ.യ്ക്കും 11-ാം ഇനത്തിന് മറുപടി നൽകുന്നതിനായി കൃഷി (പി.യു.) വകുപ്പിലെ എസ്.പി.ഐ.ഒ.യ്ക്കും അപേക്ഷ കൈമാറിയെന്നാണ് അറിയിച്ചത്. എന്നാൽ ഹർജിക്കാരന് നാളിതുവരെ ടിയാന്റെ അപേക്ഷയിലെ 6 ഇനങ്ങൾക്ക് മറുപടി ലഭ്യമായില്ലെന്നാണ് ടിയാന്റെ ആക്ഷേപമെന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നാലും ലഭ്യമായ വിവരങ്ങളെല്ലാം നൽകിയതായി കാണുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീഴചകൾ സംഭവിക്കാൻ പാടില്ല എന്ന നിർദ്ദേശം ഒന്നാം എതിർകക്ഷിയ്ക്ക് നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM